**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **04-02-2026 - ൽ മറുപടിയ്ക്ക്**

**നാല്വ വർഷ ബിരുദ പ്രോഗ്രാമുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ഡോ. സുജിത് വിജയൻപിള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ സമ്പ്രദായം പിന്തുടരുന്ന നാല്വ വർഷ ബിരുദ പ്രോഗ്രാമുകൾ എന്നു മുതലാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ 8 (എട്ട്) സർവ്വകലാശാലകളിലും അവയോട് അഫിലിയേറ്റ് ചെയ്യപ്പെട്ട കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നാല്വവർഷ ബിരുദ പ്രോഗ്രാം പദ്ധതിയിൽ, മൂന്നുവർഷം കഴിയുമ്പോൾ ബിരുദവും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഹോണേഴ്സ് ബിരുദം/ ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലാണ് പ്രോഗ്രാമുകൾ ആവിഷ്കരിച്ചിട്ടുള്ളത്.<br><br>നാല്വവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും /കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാല്വവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുന്നതാണ്.<br><br>തൊഴിലും വിദ്യാഭ്യാസവും തമ്മിലുള്ള സ്കിൽ ഗാപ്പ് നികത്തുംവിധം നൈപുണ്യ വികസനം, പ്രാരംഭ ഘട്ടത്തിൽത്തന്നെ ഗവേഷണാഭിരുചികളെ പ്രോത്സാഹിപ്പിക്കാനും തൊഴിലാഭിമുഖ്യവും സംരംഭകത്വ താത്പര്യങ്ങളും വളർത്തുക എന്ന ലക്ഷ്യം വെച്ച് വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും ഉന്നതപഠന ഗവേഷണ മേഖലകളിൽ പ്രവേശിക്കുന്നതിനും അനുയോജ്യമായ വിവിധ പഠനപാതകൾ ഒരുക്കുന്ന തരത്തിലാണ് |

| | | | |
|---|---|---|---|
| | | | നാലുവർഷം ബിരുദ പദ്ധതി (FYUGP) രൂപകല്പന ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളെ ആകർഷിക്കുന്ന തരത്തിലുള്ള നൂതന കോഴ്സുകളും തൊഴിലധിഷ്ഠിത കോഴ്സുകളും ആരംഭിക്കുവാൻ സർവകലാശാലകൾ നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി വ്യവസായവുമായി നേരിട്ട് ബന്ധിപ്പിച്ചുള്ള പഠന-പരിശീലന ഘടകങ്ങൾ ഉൾക്കൊള്ളുന്ന രീതിയിലാണ് നാലുവർഷ ബിരുദ പദ്ധതിയുടെയും ബി.വോക് പ്രോഗ്രാമുകളുടെയും രൂപകല്പന ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾക്ക് അവസരം ലഭ്യമാണോയെന്ന് വിശദമാക്കാമോ; | (സി) | നാലു വർഷത്തെ ഓണേഴ്സ് ബിരുദ പഠനം വിദ്യാർത്ഥികൾക്ക് നിരവധി സാധ്യതകൾ നൽകുന്നുണ്ട്. നിശ്ചിത ക്രെഡിറ്റുകൾ കരസ്ഥമാക്കി മൂന്നുവർഷ ബിരുദ പഠനം പൂർത്തിയാക്കാം. കൂടാതെ തുടർന്ന്, നാലാം വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ട് സാധ്യതകളാണ് FYUGP കരിക്കുലം മുന്നോട്ട് വയ്ക്കുന്നത്. അതിൽ ഏറ്റവും ശ്രദ്ധേയമായ പാത്ത് വേ ആണ് ഓണേഴ്സ് വിത്ത് റിസർച്ച്. ഇത് ഗവേഷണ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന പാത്ത് വേയാണ്. യു.ജി.സി. നിബന്ധനകൾ പ്രകാരം നാലുവർഷ ഓണേഴ്സ് ബിരുദധാരികൾക്ക് നേരിട്ട് പി.എച്ച്.ഡി. പ്രവേശനം നേടാവുന്നതാണ്. അവർക്ക് ഒരു വർഷം കൊണ്ട് പി.ജി. പൂർത്തിയാക്കി നെറ്റ് പരീക്ഷ എഴുതുവാനും സാധിക്കുന്നു. |
| (ഡി) | നാലു വർഷ ബിരുദ പ്രോഗ്രാം നിലവിൽ വന്നതോടെ വിദേശത്ത് തൊഴിലിനും ഉപരിപഠനത്തിനും പോകുന്നവർക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുമെന്ന് വിശദമാക്കാമോ? | (ഡി) | വിദേശ സർവകലാശാലകളിലെ നാലു വർഷ ബിരുദ കോഴ്സുകളുടെ മാതൃകയിലാണ് സർവകലാശാല കരിക്കുലം ഫ്രെയിംവർക്കും റെഗുലേഷനും രൂപീകരിച്ചിട്ടുള്ളത്. APAAR ID-യുമായി ബന്ധിപ്പിച്ചു കൊണ്ട് NEP അനുശാസിക്കുന്ന Academic bank of Credits സംവിധാനമാണ് സ്വീകരിച്ചിരിക്കുന്നത്. രാജ്യത്തിനകത്തും പുറത്തുമുള്ള പ്രധാന സർവ്വകലാശാലകൾ പ്രദാനം ചെയ്യുന്ന കരിക്കുലം ഫ്ളക്സിബിലിറ്റി നാലു വർഷ ബിരുദ പ്രോഗ്രാമുകളിലൂടെ ഉറപ്പാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ മൊബിലിറ്റി, താത്പര്യമുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം, നൈപുണ്യ വികസനം, തൊഴിൽ പരിശീലനം, ക്യാപ്സ്റ്റോൺ പ്രോജക്ട്, ഇന്റേൺഷിപ്പ് എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് പഠനം സാധ്യമാകത്തക്ക രീതിയിലാണ് കോഴ്സുകൾ തയ്യാർ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ലോകോത്തര നിലവാരമുള്ള അദ്ധ്യയന പ്രക്രിയയുടെ ഭാഗമാകുന്നതിന് പുതിയ ഘടന വഴി തെളിക്കുന്നു. ഇതിലൂടെ വിദ്യാർത്ഥികളുടെ വിദേശപഠനം സുഗമമാകുന്നു. |

| | | | |
|---|---|---|---|
| | | | ഓണേഴ്സ് ബിരുദ പ്രോഗ്രാമുകൾക്കായുള്ള റഗുലേഷൻസിൽ എല്ലാ പ്രോഗ്രാമുകളുടെ സിലബസിലും നൈപുണ്യ വികസനം, തൊഴിൽ പരിശീലനം, ക്യാപ്സ്റ്റോൺ പ്രോജക്ട്, ഇന്റേൺഷിപ്പ് എന്നിവ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് അവരവർക്ക് താല്പര്യമുള്ള വിഷയങ്ങളുടെ പ്രായോഗിക വശങ്ങൾ പഠിയ്ക്കുന്നതിന് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുന്നതിനുമുള്ള സാഹചര്യവും ലഭിയ്ക്കുന്നു. ഇതിലൂടെ വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിലും മറ്റും മികച്ച തൊഴിലവസരങ്ങൾ സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ